ഒറ്റപ്പാലം മണ്ഡലം നിയുക്ത എം.എൽ.എ കെ.പ്രേംകുമാർ മണ്ഡലത്തിലെ വോട്ടർമാരോട് നന്ദി അറിയിച്ച് കൊണ്ടുള്ള മണ്ഡലതല പര്യടന പരിപാടിയിൽ ശ്രീകൃഷ്ണപുരത്ത് നൽകിയ സ്വീകരണം.

കെ.പ്രേംകുമാറിന് ഒറ്റപ്പാലം മണ്ഡലത്തിലെ വിവിധ കേന്ദ്രങ്ങളിൽ സ്വീകരണം നൽകി

ശ്രീകൃഷ്ണപുരം: ഒറ്റപ്പാലം മണ്ഡലം നിയുക്ത എം.എൽ.എ കെ. പ്രേംകുമാർ മണ്ഡലത്തിലെ വോട്ടർമാരോട് നന്ദി അറിയിച്ച് കൊണ്ടുള്ള മണ്ഡലതല പര്യടന പരിപാടിയിൽ ശ്രീകൃഷ്ണപുരത്ത് നൽകിയ സ്വീകരണം.

തച്ചംതൊടി, കോട്ടപ്പുറം, എന്നിവിടങ്ങളിലെ സ്വീകരണങ്ങൾക്ക് ശേഷം ചെത്തല്ലൂരിൽ സമാപിച്ചു.

പര്യടന പരിപാടിയിൽ എൽ.ഡി.എഫ് മണ്ഡലം ചെയർമാൻ എസ്. കൃഷ്ണദാസ്, കൺവീനർ ടി.സുനിൽ, മണ്ഡലം നേതാക്കളായ കെ. സുരേഷ്, പി. അരവിന്ദാക്ഷൻ, കെ. രാമചന്ദ്രൻ, എം. മോഹനൻ, കെ.അശോക് കുമാർ, രൺദീഷ്, കെ. വേണുഗോപാലൻ, കെ. ടി.രാജഗോപാൽ, പി ജൈജിൻ കട്ടി, ടി. കെ.പ്രകാശൻ എന്നിവർ സംസാരിച്ചു.

മണ്ണാർക്കാട് മണ്ഡലത്തിൽ എല്ലാ പഞ്ചായത്തുകളിലും യു.ഡി.എഫിന് ഭൂരിപക്ഷം

▸ കൃഷ്ണദാസ് കൃപ

മണ്ണാർക്കാട്: മണ്ണാർക്കാട് മണ്ഡലത്തിലെ റെക്കോർഡ് വിജയത്തിൽ യു.ഡി.എഫിന് എല്ലാ പഞ്ചായത്തുകളിൽനിന്നും ഭൂരിപക്ഷം ലഭിച്ചത് നേട്ടമായി. മണ്ഡലത്തിൽ ആകെ പോൾ ചെയ്ത 168721 വോട്ടിൽ 90,606 വോട്ടാണ് യു.ഡി.എഫ് സ്ഥാനാർത്ഥി എൻ. ഷംസുദ്ദീൻ നേടിയത്. എൽ.ഡി.എഫ് സ്ഥാനാർത്ഥി മൻസിൽ അബൂബക്കർ 64703 വോട്ടും നേടി. ഇതോടെ 25,903 വോട്ടിന്റെ ചരിത്രഭൂരിപത്താണ് ഷംസുദ്ദീൻ വിജയിച്ചകമായിരിക്കുന്നത്. എൻ.ഡി.എ സ്ഥാനാർത്ഥി ഐസക് വർഗ്ഗീസ് 10,671 വോട്ടാണ് നേടിയത്. ഏഴ് പഞ്ചായത്തുകളും ഒരു നഗരസഭയുമാണ് മണ്ണാർക്കാട് നിയമസഭാമണ്ഡലത്തിലുള്ളത്. മുൻ തിരഞ്ഞെടുപ്പുകളിലും യു.ഡി.എഫിന് ലീഡുനൽകിയ അലനല്ലൂർ പഞ്ചായത്ത് ഇത്തവണയും 7346 വോട്ടിന്റെ ഭൂരിപക്ഷമാണ് ഷംസുദ്ദീന് നൽകിയത്. കോട്ടോപ്പാടം പഞ്ചായത്തിൽനിന്ന് 6963 വോട്ടിന്റെ ലീഡും ലഭിച്ചു.

വോട്ടെണ്ണലിന്റെ ഇടക്കത്തിൽതന്നെ ഷംസുദ്ദീന് ലീഡുതിരുമ്പോം ഇതുവരി സാധിച്ചു. ഈ രണ്ടു പഞ്ചായത്തുകളും യു.ഡി.എഫാണ് ഭരിക്കുന്നത്. അതേസമയം എൽ.ഡി.എഫ് ഭരിക്കുന്ന കരിംപുഴയിൽ, തെങ്കര പഞ്ചായത്തുകളിലും യു.ഡി.എഫിന് ലീഡു ലഭിക്കുന്ന സ്ഥിതി വിശേഷണമാണുണ്ടായത്. കുമരംപുത്തൂരിൽ 2951 ഉം തെങ്കരപഞ്ചായത്തിൽ 1364 വോട്ടിന്റെയും ലീഡുലഭിക്കുന്ന മണ്ണാർക്കാട് നഗരസഭയിൽ 4940 വോട്ടിന്റെ ലീഡും നേടി. അട്ടപ്പാടി താലൂക്കിലെ ഷോളയൂർ പഞ്ചായത്തിൽ 910, പുതൂർ പഞ്ചായത്തിൽ 779, അഗളി പഞ്ചായത്തിൽ 650 വോട്ടുകളുടെ ഭൂരിപക്ഷവും ലഭിച്ചതോടെ ആകെ 25,903 വോട്ടാണ് റെക്കോർഡ് ഭൂരിപക്ഷത്തിലേക്ക് എൻ.ഷംസുദ്ദീൻ എത്തുകയായിരുന്നു. പ്രചാരണത്തിലുടനീളം തികച്ചും പ്രകടനം കാഴ്ചവച്ച എൽ.ഡി.എഫിന് 2021 ലെ തിരഞ്ഞെടുപ്പിൽ ലഭിച്ച വോട്ടിനെക്കാൾ 1084 വോട്ട് കുറയുകയാണുണ്ടായത്. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ 65787 വോട്ടാണ് എൽ.ഡി.എഫ് മണ്ഡലത്തിൽ നേടിയതിനെക്കാൾ ഇത്തവണ 64703 വോട്ടാണ് നേടാനായത്.

ഭരിക്കുന്ന പഞ്ചായത്തുകളിലടക്കം വോട്ടുകൾ കുറഞ്ഞ് എൽ.ഡി.എഫ്

മണ്ണാർക്കാട് മണ്ണാർക്കാട്നിയമസഭാമണ്ഡലം തിരഞ്ഞെടുപ്പിൽതിരഞ്ഞെടുക്കപ്പെട്ടവരുടെ വോട്ടുകണക്കുത്തയ്ക്കുമ്പോൾ എൽ.ഡി.എഫിന്റെ തിരിച്ചിയായി വോട്ടിൽതമാനത്തിലും കുറവുണ്ടായി. യു.ഡി.എഫ് ഭരിക്കുന്ന അലനല്ലൂർ പഞ്ചായത്തിൽ 13,802 ഉം കോട്ടോപ്പാടം പഞ്ചായത്തിൽ 11791 വോട്ടുമാണ് എൽ.ഡി.എഫിന് ലഭിച്ചത്. അതേസമയം ഈരണ്ടുപഞ്ചായത്തുകളിലുംകൂടി യു.ഡി.എഫ് സ്ഥാനാർത്ഥിയുടെ ഭൂരിപക്ഷം മാത്രം 14,309 ആണ്. സ്ഥാനാർത്ഥിയായ മൻസിൽ അബൂബക്കർ തലനല്ലൂർ സ്വദേശിയായതിനാൽ ഈ രണ്ടു പഞ്ചായത്തുകളിലും കൂടുതൽ വോട്ടുനേടാമെന്ന് എൽ.ഡി.എഫ് കണക്കുകൂട്ടിയിരുന്നെങ്കിലും പ്രതീക്ഷകൾ തെറ്റി. എൽ.ഡി.എഫ് ഭരിക്കുന്ന തെങ്കരപഞ്ചായത്തിൽ 9481, തെങ്കരയിൽ 8063 വോട്ടാണ് എൽ.ഡി.എഫിന് ലഭിച്ചത്. ഇവിടേയും യു.ഡി.എഫ് ലീഡുനേടുകയാണുണ്ടായത്. തദ്ദേശതിരഞ്ഞെടുപ്പിൽ കുമരംപുത്തൂരിൽ 2071 വോട്ടും തെങ്കരയിൽ 341 വോട്ടും എൽ.ഡി.എഫ് ലീഡുനേടിയിരുന്നു. യു.ഡി.എഫ് ഭരിക്കുന്ന മണ്ണാർക്കാട്നഗരസഭയിൽ 5692 വോട്ടാണ് എൽ.ഡി.എഫിന് ആകെലഭിച്ചത്. അട്ടപ്പാടി താലൂക്കിലെ ഏഴു പഞ്ചായത്തിൽനിന്നുമായി 5000 വോട്ടിന്റെ ലീഡുനേടിയാണ് വിജയിക്കാനെന്ന് പറഞ്ഞിരുന്ന എൽ.ഡി.എഫിന് ഇവിടെയും പ്രതീക്ഷിച്ചത്ര വോട്ടുകിട്ടിയില്ല. അഗളിയിൽ 8503, പുതൂരിൽ 2771, ഷോളയൂരിൽ 3903 വോട്ടുമാണ് ആകെ ലഭിച്ചത്.

അതേസമയം യു.ഡി.എഫിന് മുന്നേ പഞ്ചായത്തുകളിലുടനീളം 2,339 വോട്ടിന്റെ ഭൂരിപക്ഷലഭിക്കുകയും ചെയ്തു. പോസ്റ്റൽ വോട്ടുകളിലും എൽ.ഡി.എഫ് പിന്നിലായി. 1084 തപാൽ വോട്ടുകൾ എൻ.ഷംസുദ്ദീന് ലഭിക്കുമ്പോൾ 697 തപാൽവോട്ടുകളാണ് മൻസിൽ അബൂബക്കറിന് ലഭിച്ചത്. തപ്പുകണക്കുപ്രകാരം 16721 വോട്ടിൽ 90,606 വോട്ടാണ് യു.ഡി.എഫ് സ്ഥാനാർഥിനേടിയത്. തപ്പുകണക്കുപ്രകാരം എൽ.ഡി.എഫിന് 64703 വോട്ടും ലഭിച്ചു.

പട്ടാമ്പിയിലെ പരാജയം: ഇരുട്ടിൽ തപ്പി യു.ഡി.എഫ്

▸ വീരാവുണ്ണിമുള്ളത്ത്

പട്ടാമ്പി: സ്വന്തംനാടൊട്ടാകെ തരംഗം ആഞ്ഞടിച്ചപ്പോൾപോലും യു.ഡി.എഫിന്റെ രാഷ്ട്രീയ കണക്കുകൂട്ടലുകളെല്ലാം തെറ്റിച്ചുകൊണ്ടാണ് നിയമസഭാമുഖ്യസ്ഥാനപട്ടാമ്പിയിൽനടന്നത്. ഇടതുമുന്നണി നേതാക്കളായ കെ. സുരേഷ്, പി. അരവിന്ദാക്ഷൻ, കെ. രാമചന്ദ്രൻ, എം. മോഹനൻ, കെ.അശോക് കുമാർ, രൺദീഷ്, കെ. വേണുഗോപാലൻ, കെ. ടി.രാജഗോപാൽ, പി ജൈജിൻ കട്ടി, ടി. കെ.പ്രകാശൻ എന്നിവർ സംസാരിച്ചു.

ഒരുകാലത്തിൽ ഇടതുകോട്ടയായിരുന്ന ടി.പി.ചന്ദ്രമോഹനെ തന്നെ നേരിട്ടുമത്സരരംഗത്തിറക്കി മണ്ഡലം തിരിച്ചുപിടിക്കാനുള്ള യു.ഡി.എഫ് നീക്കത്തിന് ശക്തമായ തിരിച്ചടിയാണ് ഇഴിസിൽ നൽകിയത്. തിരഞ്ഞെടുപ്പ് കഴിഞ്ഞയുടൻ മണ്ഡലം കമ്മിറ്റികൾ നൽകിയക കണക്കുകൾപ്രകാരം മണ്ഡലം തിരിച്ചുപിടിക്കാനാകുമെന്നുതന്നെയായിരുന്നു യു.ഡി.എഫ് നേതൃത്വം. എന്നാൽ ഓരോ ബൂത്ത് പുർത്തിയായപ്പോൾ ഭൂരിസിന്റെ തകർച്ച ആധിപത്യം വീണ്ടും ഉറപ്പിച്ചു.ടി.പി.ചന്ദ്രമോഹനുപോലും വമ്പൻ ദിവസങ്ങളിൽ യു.ഡി. എഫിനുള്ളിലുണ്ടായിരുന്ന ചർച്ചകൾ ഇടതുകേന്ദ്രങ്ങൾ ചർച്ചയാക്കി. ഇടതുകേന്ദ്രങ്ങൾ ചർച്ചയ്ക്കുകൂടി വഴിതുറന്നു. ഇടതുകേന്ദ്രങ്ങൾ ചർച്ചയ്ക്കുകൂടി വഴിതുറന്നു. കഴിഞ്ഞ ദിവസം ഇടതുകേന്ദ്രങ്ങൾ ചർച്ചയ്ക്കുകൂടി വഴിതുറന്നു.